സമസ്ത കേരള ഇസ്‌ലാം മത
വിദ്യാഭ്യാസ ബോർഡ്
لجنة تعليم الدين الإسلامي لعموم كيرالا
SAMASTHA KERALA ISLAM MATHA VIDYABHYASA BOARD
Samasthalayam, Chelari, Thenhipalam PO., Malappuram 673636. Kerala, India.
0494 2400256 www.samastha.info samasthalayam@gmail.com

CIRCULAR NO: VB./234/2025

## നഷ്ടപ്പെട്ട സർവീസ് കാലം MSR ൽ ചേർക്കുന്നതിനുള്ള അവസരം

**ബഹു. മദ്റസാ മാനേജ്മെൻറ്, മുഅല്ലിംകൾ, എസ്.കെ.ജെ.എം. സ്റ്റേറ്റ്, ജില്ലാ, റെയ്ഞ്ച് ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്**

മാന്യരേ, السلام عليكم

- സേവന കാലഘട്ടം യഥാസമയം മുഅല്ലിം സർവീസ് രജിസ്റ്ററിൽ (MSR) ചേർക്കാൻ കഴിയാത്ത മുഅല്ലിംകൾക്ക് **സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ നൂറാം വാർഷികം** പ്രമാണിച്ച് നഷ്ടപ്പെട്ട സർവീസുകൾ എം. എസ്. ആറിൽ ചേർക്കാനുള്ള അവസരമൊരുക്കുന്നു.

- **2025 ജൂലൈ 15 മുതൽ സെപ്റ്റംബർ 15 വരെ** ഇതിനുള്ള അപേക്ഷകൾ നൽകാവുന്നതാണ്. ഇതോടൊപ്പമുള്ള ഫോറം പൂരിപ്പിക്കുകയും ചേർക്കാനുള്ള മദ്റസയിലെ **മുഅല്ലിം അഡ്മിഷൻ റജിസ്റ്റർ** രേഖപ്രകാരം മദ്റസാ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എം. എസ്. ആർ എടുത്തതിനുശേഷം അപേക്ഷ കാലയളവ് വരെ നഷ്ടപ്പെട്ട സർവീസുകളാണ് പരിഗണിക്കുക.

- ഒരു ഫോറത്തിൽ ഒരു മദ്റസയിലെ വിവരങ്ങൾ മാത്രമേ ചേർക്കാനാവൂ. ഒന്നിലധികം മദ്റസകളിലെ സർവീസുകൾ എം.എസ്.ആറിലേക്ക് ചേർക്കാനുണ്ടെങ്കിൽ ഒരോ മദ്റസക്കും വെവ്വേറെ ഫോറം ഉപയോഗിക്കണം. ഈ ഫോറത്തിലെ വിവരങ്ങൾ മുഫത്തിശുമാർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയതിനു ശേഷമേ എം.എസ്.ആറിലേക്ക് ചേർക്കുകയുള്ളൂ.

- എം.എസ്.ആർ പരിഷ്കരണം പൂർത്തീകരിച്ച മുഅല്ലിംകൾക്കാണ് ഇതിന് അവസരമുണ്ടാവുക. എം.എസ്.ആർ പരിഷ്കരിക്കാത്ത മുഅല്ലിംകൾ പരിഷ്കരണ ഫോറം കൂടി പൂരിപ്പിച്ച് ഇതൊന്നിച്ച് സമർപ്പിക്കേണ്ടതാണ്.

- ഫോറം പൂരിപ്പിച്ച് ചേളാരി SKIMVB ഓഫീസിലോ സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ സംഘടിപ്പിക്കുന്ന അദാലത്ത് കേന്ദ്രങ്ങളിലോ എത്തിക്കാം. ഈ സുവർണാവസരം ഉപയോഗപ്പെടുത്തി എം.എസ്.ആർ ക്ലിയറാക്കണമെന്നും **സമസ്തയുടെ നൂറാം വാർഷിക** പരിപാടികളിൽ സജീവമാകണമെന്നും അഭ്യർത്ഥിക്കുന്നു.

S.K.I.M.V.B. OFFICE THENHIPALAM.PO Malappuram Dt 673636 Samasthalayam, CHELARI

ജനറൽ സെക്രട്ടറി
SKIMVB (ഒപ്പ്)

05/07/2025